# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1355 — 03.12.15 ൽ - മറുപടിക്ക്

## പൊതുവിതരണത്തിലെ ക്രമക്കേട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി<br>,, പി.ബി. അബ്ദുൾ റസാക്<br>,, കെ മുഹമ്മദുണ്ണി ഹാജി<br>,, കെ.എൻ.എ. ഖാദർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണത്തിന് നൽകുന്ന ഭക്ഷ്യധാന്യങ്ങൾ അവ വാങ്ങാത്ത ഉപഭോക്താക്കളുടെ പേരിൽ നൽകിയതായി കാണിച്ച് അവ മുഴുവനും മറിച്ച് വിൽക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിൽപന നിയന്ത്രിക്കാൻ സ്വീകരിക്കാവുന്ന മുൻകരുതൽ നടപടികളെക്കുറിച്ച് വിശദമാക്കുമോ; | (എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും തൂക്കത്തിലും ഭക്ഷ്യസാധനങ്ങൾ ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻ കടകളിൽ നിരന്തരം പരിശോധന നടത്തുന്നുണ്ട്. റേഷൻകാർഡുകളും റേഷൻ കടകളിലെ റിക്കാർഡുകളുമായി ഒത്തുനോക്കി കാര്യക്ഷമമായ പരിശോധന നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തര ത്തിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. റേഷൻ കടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ അളവും നിരക്കും പത്രമാധ്യമങ്ങളിലൂടെ പൊതുവിതരണ കമ്മീഷണറേറ്റിൽ നിന്നും പ്രസിദ്ധപ്പെടുത്തു ന്നുണ്ട്. കൂടാതെ തന്മാസം ആദ്യം തന്നെ ജില്ലാ സപ്ലൈ ഓഫീസർമാരും അതാത് മാസത്തെ വിതരണക്രമവും വിലയും മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. റേഷൻ കടകളിൽ വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ |

കാണത്തക്കവിധം എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവപ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടി സ്വീകരിക്കുന്നു. കൂടാതെ റേഷൻകടകളിൽ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ സാമ്പിൾ കടയിൽ പ്രദർശിപ്പിക്കുന്നതിനാൽ ഉപഭോക്താക്കൾക്ക് അവ കണ്ട് ബോധ്യപ്പെടുകയും ചെയ്യാവുന്നതാണ്. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സുതാര്യവും കൂടുതൽ കാര്യക്ഷമവുമാക്കുവാൻ ഇത് സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഗോഡൗണുകളിൽ പ്രസ്തുത ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് പോളീഷ് ചെയ്ത് ബ്രാന്റഡ് അരിയാക്കിയും ഗോതമ്പ് പൊടിച്ച് മൂല്യവർദ്ധിത ഉൽപന്നമാക്കിയും വൻ ലാഭം കൊയ്യുന്ന ഈ ക്രമക്കേടിന് ഉദ്യോഗസ്ഥർ നൽകുന്ന ഒത്താശ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമായി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല. ക്രമക്കേട് കണ്ടെത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്. |

Thulasi

സെക്ഷൻ ഓഫീസർ